കേരള സർക്കാർ

നം.1866829/ജെ3/17/പൊവിവ

തിരുവനന്തപുരം, തീയതി 09/03/2018

പരിപത്രം

വിഷയം:- പൊവിവ- കെ-ടെറ്റ് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി - സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:- (1).സ.ഉ (പി) നം. 199/2011 തീയതി 1/10/2011.
(2). സ.ഉ (പി) നം. 244/2012/പൊവിവ തീയതി 25/07/2012.
(3). സ.ഉ (പി) നം. 294/2012/പൊവിവ തീയതി 20/09/2012.
(4). സ.ഉ (പി) നം. 145/2016/പൊവിവ തീയതി 30/08/2016.
(5). സ.ഉ (പി) നം. 206/2016/പൊവിവ തീയതി 08/12/2016.
(6). സ.ഉ (പി) നം. 7/2017/പൊവിവ തീയതി 07/04/2017
(7). ജി.ഒ (എം.എസ്) നം. 134/17/പൊവിവ തീയതി 30/10/2017.
(8) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07/04/2017, 12/2/17 എന്നീ തീയതികളിലെ എച്ച്3/30197/2016/ഡിപിഐ നമ്പർ കത്ത്.

കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം നിലവിൽ വന്നതോടെ അദ്ധ്യാപക നിയമനങ്ങൾക്ക് കെ-ടെറ്റ് നിർബന്ധിത യോഗ്യതയായി നിശ്ചയിച്ച് സൂചന ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. രണ്ടു മുതൽ ആറുവരെ സൂചന ഉത്തരവുകൾ പ്രകാരം നിശ്ചിത സേവനവ്യവസ്ഥകളും യോഗ്യതകളും ഉള്ളവരെ കെ-ടെറ്റ് നേടുന്നതിൽ നിന്നും ഒഴിവാക്കി. ഇത് സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനു മുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർ സൂചന എട്ട് പ്രകാരം ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത ആവശ്യപ്പെട്ടു ആയ് സർക്കാർ പരിശോധിച്ചു ഇതുസംബന്ധിച്ച് താഴെപറയും പ്രകാരം സ്പഷ്ടീകരണം നൽകുന്നു.

1. C-TET പ്രൈമറി സ്റ്റേജ് പാസായവരെ കെ-ടെറ്റ് കാറ്റഗറി-I ൽ നിന്നും C-TET elementary stage പാസായവരെ കെ-ടെറ്റ് കാറ്റഗറി-II ൽ നിന്നും ഒഴിവാക്കാവുന്നതാണ്.
2. NET, SET, M.Phil, Ph.D, M.Ed എന്നീ യോഗ്യതകൾ നേടിയവരെ കെ-ടെറ്റ് കാറ്റഗറി I മുതൽ IV വരെ നേടുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.
3. കെ-ടെറ്റ് കാറ്റഗറി III വിജയിച്ചവരെ കാറ്റഗറി II നേടുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.
4. കെ-ടെറ്റ് കാറ്റഗറി I, II എന്നിവയിൽ ഏതെങ്കിലും ഒന്ന് വിജയിച്ചവരെ എൽ.പി, യു.പി അദ്ധ്യാപക നിയമനങ്ങൾക്ക് പരിഗണിക്കാവുന്നതാണ്.

5. 31/03/2012 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച സർക്കാർ/എയ്ഡഡ് അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും പ്രൊമോഷൻ ലഭിക്കുമ്പോൾ അവർ കെ-ടെറ്റ് പാസാകണമെന്ന് നിർബന്ധമില്ല.

6. 2017-18 അക്കാദമിക് വർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിലധികമുള്ളതും ഒരുവർഷത്തിൽ കുറവുള്ളതുമായ അവധി ഒഴിവുകളിൽ നടത്തുന്ന ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്ക് കെ-ടെറ്റ് യോഗ്യതയുള്ളവർ ലഭ്യമായില്ലെങ്കിൽ കെ-ടെറ്റ് ഇല്ലാത്തവരെ പരിഗണിക്കാവുന്നതാണ്.

**എച്ച്. നജീബ്**
ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
(ആമുഖ കത്ത് മുഖേന)
എല്ലാ ഡെപ്യൂട്ടിഡയറക്ടർമാർക്കും/ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ)/(പ്രസ്സ് റിലീസ്) വകുപ്പ്
(പ്രസിദ്ധീകരണത്തിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/സെക്ഷനുകളിലേക്കും.

പകർപ്പ്:

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പൊ.വി. കത്ത് നമ്പർ എച്ച് 3/30197/16 തീയതി 21-3-2018

ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെയും ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു.

JESSY JOSEPH
Addl. Director of Public Instruction (General)
Directorate of Public Instruction
Thiruvananthapuram-14

സ്വീകർത്താവ്
1) എല്ലാ DDE, DEO, AEO മാരും
2) എക്സി. ഡയറക്ടർ & വൈസ് ചെയർമാൻ, KITE, പൂജപ്പുര
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)